നം.വൈ.2/30078/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 05.05.2018
ഫോൺ നം. 0471-2580506
ഇ-മെയിൽ- y2section@gmail.com

## സർക്കുലർ

വിഷയം;- പൊ.വി.- 2017-18 വർഷത്തെ മികച്ച പി.റ്റി.എ തെരഞ്ഞെടുക്കൽ- സംബന്ധിച്ച്

സൂചന;- 1. ജി.ഒ (ആർ.റ്റി) നം. 411/2011/പൊ.വി. തീയതി 29/01/2011
2. 24/08/2017- ൽ കൂടിയ സംസ്ഥാനതലയോഗ തീരുമാനം

സംസ്ഥാനത്തെ മികച്ച സർക്കാർ/എയ്ഡഡ് സ്കൂൾ പി.റ്റി.എ കളെ കണ്ടെത്തി ഉപജില്ലാ, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥാനതലം എന്നിങ്ങനെ ഗ്രേഡ് നൽകുന്നതിനും പ്രോത്സാഹന സഹായം നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അവാർഡിന് പരിഗണിക്കുന്നത് താഴെപ്പറയുന്ന പ്രകാരമായിരിക്കും.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കന്ററി എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. റ്റി.റ്റി.ഐ കളെ പ്രൈമറി വിഭാഗത്തിലും റ്റി.എച്ച്.എസ്, ഫിഷറീസ് സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി. വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയെ സെക്കന്ററി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൈമറി തലത്തിൽ 163 സബ്ജില്ലകളിലെ ഓരോ ജില്ലയിലെയും ഏറ്റവും മികച്ച പി.റ്റി.എ യ്ക്ക് 10,000/- രൂപ വീതം നൽകുന്നതാണ്. ഈ വിഭാഗത്തിൽ പ്രൈമറി സ്കൂളുകളെ മാത്രമായിരിക്കും പരിഗണിക്കുക. സെക്കന്ററി വിഭാഗത്തിൽ 41 വിദ്യാഭ്യാസ ജില്ലകളിലെ ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച പി.റ്റ.എ-യ്ക്ക് 25,000/- രൂപ വീതം നൽകുന്നതാണ്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000/- രൂപയും 40,000/- രൂപയും വീതം നൽകുന്നതാണ്. ഇതേ രീതിയിൽ സെക്കന്ററി വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് 60,000/- രൂപയും 40,000/- രൂപയും വീതം നൽകുന്നതാണ്. പ്രൈമറി വിഭാഗത്തിൽ മത്സരിക്കേണ്ടത് ഓരോ സബ്ജില്ലയിൽ നിന്നും 'എ' ഗ്രേഡോടു കൂടി കൂടുതൽ സ്കോർ നേടിയ പി.റ്റ.എ ആയിരിക്കും.

സെക്കന്ററി വിഭാഗത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും 'എ' ഗ്രേഡോടു കൂടി കൂടുതൽ സ്കോർ നേടിയ രണ്ട് പി.റ്റി.എ കൾക്ക് മത്സരിക്കാവുന്നതാണ്. റവന്യൂ

ജില്ലയിൽ 'എ' ഗ്രേഡും ഒന്നാം സ്ഥാനവും ലഭിക്കുന്ന പ്രൈമറി- സെക്കന്ററി വിഭാഗ ങ്ങളിലെ പി.റ്റി.എ കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യത ഉണ്ടായിരിക്കും.

സംസ്ഥാനതലത്തിൽ പ്രൈമറി, സെക്കന്ററി വിഭാഗങ്ങളിൽ 5 സ്ഥാന ങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം പ്രോത്സാഹന സഹായം നൽകുന്നതാണ്.

ഒന്നാം സ്ഥാനം 5,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കന്ററി സ്കൂളുകൾക്ക്)

രണ്ടാം സ്ഥാനം 4,00,000/- രൂപ വീതം ,,

മൂന്നാം സ്ഥാനം 3,00,000/- രൂപ വീതം ,,

നാലാം സ്ഥാനം 2,00,000/- രൂപ വീതം ,,

അഞ്ചാം സ്ഥാനം 1,00,000/- രൂപ വീതം ,,

അപേക്ഷാഫാറവും മറ്റ് വിവരങ്ങളും www.education.kerala.gov.in എന്ന വെബ്സൈ റ്റിൽ ലഭ്യമാണ്.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന പി.റ്റി.എ കൾക്ക് ഇതോടൊപ്പം ഉൾക്കൊള്ളി ച്ചിരിക്കുന്ന പ്രൊഫോർമ പൂരിപ്പിച്ച് ഒപ്പിട്ട് അനുബന്ധ രേഖകൾ സഹിതം (ഫോട്ടോ, സർട്ടിഫി ക്കറ്റിന്റെ കോപ്പി, സി.ഡി മുതലായവ) സബ്ജില്ലാതലത്തിൽ എ.ഇ.ഒ മാർക്കും വിദ്യാഭ്യാസ ജില്ലാതലത്തിൽ ഡി.ഇ.ഒ മാർക്കും അയച്ച്കൊടുക്കേണ്ടതാണ്.

സബ്ജില്ലയിൽ ഒന്നാം സ്ഥാനവും 'എ' ഗ്രേഡും ലഭിക്കുന്ന പി.റ്റി.എ കളുടേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ 'എ' ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന പിറ്റിഎ കളുടേയും ബന്ധപ്പെട്ട രേഖകൾ റവന്യൂ ജില്ലാതല മത്സരത്തിനായി അതാതു വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. **2017-18 വർഷം മുതൽ റവന്യൂ ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും 'എ' ഗ്രേഡും ലഭിച്ച പ്രൈമറി/സെക്കന്ററി പി.റ്റി.എ കളെ മാത്രമേ, മാർക്ക് ഒഴിവാക്കി സംസ്ഥാനതല കമ്മിറ്റിക്ക് മുമ്പാകെ സമർപ്പി ക്കേണ്ടതുള്ളൂ. പ്രസ്തുത പ്രൊപ്പോസലുകളുടെ മൂന്ന് കോപ്പികൾ വീതം അഡീഷ ണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപു രം-14 എന്ന വിലാസത്തിൽ 20/07/2018, വൈകുന്നേരം 5.00 മണിക്ക് മുമ്പ് നേരിട്ട് എത്തിച്ചുകൊടുക്കേണ്ടതാണ്.** അതിന്റെ കൂടെ തെരഞ്ഞെടുക്കപ്പെട്ട പി.റ്റി.എ കളെ കുറിച്ചുള്ള ലഘുവിവരണം തയ്യാറാക്കി അപേക്ഷയോടൊപ്പം എത്തിക്കേണ്ടതാണ്.

പ്രൊഫോർമയിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് നൽകുന്നതോടൊപ്പം അവാർഡ് നിർണ്ണയ സമിതി സ്കൂൾ സന്ദർശിക്കുന്ന വേളയിൽ പരിശോധനയ്ക്കായി ഈ രേഖക ളുടെ അസ്സൽ നൽകേണ്ടതാണ്.

മികച്ച പി.റ്റി.എ കളെ തെരഞ്ഞെടുക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. **സബ്ജില്ല**

എ.ഇ.ഒ കൺവീനറായ കമ്മിറ്റിയിൽ സബ്ജില്ലാ ചുമതലയുള്ള ഒരു ഡയറ്റ് ഫാക്കൽറ്റി, തദ്ദേശ സ്വയംഭരണ പ്രതിനിധി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ) എന്നിവർ അംഗങ്ങളായിരിക്കും.

2. **വിദ്യാഭ്യാസ ജില്ല**

ഡി.ഇ.ഒ കൺവീനറായ കമ്മിറ്റിയിൽ ഒരു ജില്ലാ പ്രോഗ്രാം ആഫീസർ (എസ്.എസ്.എ) ഡയറ്റ് പ്രിൻസിപ്പാൾ അല്ലെങ്കിൽ ഡയറ്റ് പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന ഒരു ഫാക്കൽറ്റി അംഗം ജില്ലാ പഞ്ചായത്ത് അംഗം/മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലർ എന്നിവർ അംഗങ്ങളായിരിക്കും.

3. **ജില്ലാതലം**

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായ കമ്മിറ്റിയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറും ഡയറ്റ് പ്രിൻസിപ്പാൾ ജില്ലാ പ്രോജക്ട് ആഫീസർ (എസ്.എസ്.എ) എച്ച്.എസ്.എസ് റീജിയണൽ ഡയറക്ടർ, വി.എച്ച്.എസ്.ഇ ജോയിന്റ് ഡയറക്ടർ എന്നിവരും തദ്ദേശം ഉൾക്കൊള്ളുന്ന ഡി.ഇ.ഒ, എ.ഇ.ഒ എന്നിവർ അംഗങ്ങളുമായിരിക്കും.

4. **സംസ്ഥാന തലം**

ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും പൊതുവിദ്യാഭ്യാസം, സീമാറ്റ്, എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.എ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവയുടെ ഡയറക്ടർമാർ അംഗങ്ങളുമായ കമ്മിറ്റി ആയിരിക്കും സംസ്ഥാനത്തെ മികച്ച സ്കൂൾ പി.റ്റി.എ കളെ തെരഞ്ഞെടുക്കുന്നത്.

അവാർഡിനായി 2017-18 വർഷത്തെ പ്രവർത്തനങ്ങളാണ് പരിഗണിക്കുക. 30/06/2018 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്. ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളെ ഒരുമിച്ചാണ് പരിഗണിക്കുന്നത്. അവാർഡ് നിർണ്ണയത്തിനായുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫാറം പ്രിന്റ് എടുത്ത് പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം

എ) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി:

**05/07/2018, വൈകുന്നേരം 5.00 മണിവരെ.**

2. ഉപജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച പ്രൈമറി സ്കൂൾ പി.റ്റി.എ യെ തെരഞ്ഞെടുക്കേണ്ട അവസാന തീയതി:

**10/07/2018, വൈകുന്നേരം 5.00 മണിവരെ.**

3. വിദ്യാഭ്യാസ ജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച സെക്കന്ററി സ്കൂൾ പി.റ്റി.എ മാരെ തെരഞ്ഞെടുക്കേണ്ട അവസാന തീയതി:

**10/07/2018, വൈകുന്നേരം 5.00 മണിവരെ.**

4. റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി:

**15/07/2018, വൈകുന്നേരം 5.00 മണിവരെ.**

5. റവന്യൂ ജില്ലാതലത്തിൽ സെക്കന്ററി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി:

**17/07/2018, വൈകുന്നേരം 5.00 മണിവരെ.**

6. റവന്യൂ ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരാവുന്നവരുടെ പ്രൊപ്പോസലുകൾ മൂന്ന് കോപ്പി വീതം (പ്രൈമറി & സെക്കന്ററി വിഭാഗങ്ങൾ) വിദ്യാഭ്യാസ ഡയറക്ടർക്ക് എത്തിക്കേണ്ട അവസാന തീയതി:

**20/07/2018, വൈകുന്നേരം 5.00 മണിവരെ.**

സംസ്ഥാനതല അവാർഡുകൾ 05/09/2018 ന് നടക്കുന്ന ദേശീയ അധ്യാപകദിനാ അവാർഡു വിതരണ ചടങ്ങിനോടനുബന്ധിച്ച് വിതരണം ചെയ്യുന്നതാണ്. സബ്ജില്ല, ജില്ല, റവന്യൂജില്ല അവാർഡുകൾ അതാതു ജില്ലകളിൽ വച്ചു നടത്തുന്ന റ്റി.റ്റി.ഐ/പി.പി.റ്റി.റ്റി.ഐ കലോത്സവ ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതാണ്. അവാർഡ് തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

ശുപാർശകൾ കൃത്യസമയത്ത് തന്നെ ഈ ഓഫീസിൽ എത്തിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലിസ്റ്റ് ലഭി

ക്കാതെ വന്നാൽ അത്തരം ജില്ലകളിലെ സ്കൂളുകൾ മത്സരത്തിന് പരിഗണിക്കപ്പെടാതിരിക്കാൻ സാധ്യതയുണ്ടെന്ന് കൂടി അറിയിക്കുന്നു. പി.റ്റി.എ ഫണ്ടിൽ ചെലവാകാതെ വരുന്ന തുക ചെലാൻ മുഖാന്തിരം ട്രഷറിയിൽ അടച്ച് ആയതിന്റെ പകർപ്പ് **പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പി.റ്റി.എ കൾ പ്രവർത്തിക്കുന്ന സ്കൂളുകളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം നടത്തുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**എല്ലാ ഉപജില്ലാ, ജില്ലാ, വിദ്യാഭ്യാസ ഉപഡയറക്ടർ ആഫീസർമാർക്കും**

പകർപ്പ് :-

1. ഗവൺമെന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (with C/L)
2. ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
3. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
4. ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം (with C/L)
5. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം (with C/L)
6. ഡയറക്ടർ, എസ്.എസ്.എ തിരുവനന്തപുരം (with C/L)
7. ഡി.പി.ഐ, എഡിപിഐ (ജനറൽ), എഡിപിഐ (അക്കാദമിക്) ജോയിന്റ് ഡയറക്ടർ (സി എ മുഖാന്തിരം)
8. പബ്ലിക് റിലേഷൻസ് ഓഫീസർ
9. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടുമാർ
10. സ്റ്റോക്ക് ഫയൽ

# അധ്യാപക രക്ഷാകർത്തൃ സമിതി (പി.റ്റി.എ) വിലയിരുത്തൽ
## പ്രൊഫോർമ

## I. സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല :
2. യൂണിഫോം സ്കൂൾ കോഡ് :
3. സ്കൂളിന്റെ പേര് :

   മേൽവിലാസം :

   പിൻകോഡ് :

   ഫോൺ നമ്പർ :

   ഇ-മെയിൽ അഡ്രസ്സ് :

   വെബ്സൈറ്റ് (ഉണ്ടെങ്കിൽ) :

   ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ :

   വിദ്യാഭ്യാസ ജില്ല :

   സബ്ജില്ല :
4. ക്ലാസ്സുകൾ : ☐ മുതൽ ☐ വരെ
5. മാനേജ്മെന്റ് : ഗവൺമെന്റ് ☐ എയ്ഡഡ് ☐
6. പഠനമാധ്യമം : മലയാളം ☐ തമിഴ് ☐ കന്നട ☐ ഇംഗ്ലീഷ് ☐
7. വിദ്യാർത്ഥികളുടെ എണ്ണം :

| വർഷം | ക്ലാസ്സ് | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
| 2014-15 | | | | | | | | | | | | | |
| 2015-16 | | | | | | | | | | | | | |
| 2016-17 | | | | | | | | | | | | | |
| 2017-18 | | | | | | | | | | | | | |

**അധ്യാപകരുടെ എണ്ണം :**

| | പ്രീ-പ്രൈമറി | പ്രൈമറി | ഹൈസ്കൂൾ | ഹയർസെക്കന്ററി | വി.എച്ച്. എസ്.സി | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകൻ | മറ്റുള്ള വർ | ആകെ |
|---|---|---|---|---|---|---|---|---|
| അംഗീകരിച്ചത് | | | | | | | | |
| അംഗീകരിച്ചത് | | | | | | | | |

8. 2017-18 അധ്യയന വർഷം സ്കൂൾ പ്രവർത്തിച്ച ദിവസങ്ങളുടെ എണ്ണം:

## II. ഭൗതിക സൗകര്യങ്ങൾ

1. കഴിഞ്ഞ രണ്ട് വർഷമായി (2016-17. 2017-18) പി.റ്റി.എ നടത്തിയ നിർമ്മാണ : പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക
(കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ, സ്കൂൾ വാഹനങ്ങൾ തുടങ്ങിയവ)
ചെറുകുറിപ്പ് എഴുതുക:

-----------------------------------------------------------------------------
-----------------------------------------------------------------------------
-----------------------------------------------------------------------------
-----------------------------------------------------------------------------

2. കഴിഞ്ഞ രണ്ട് വർഷമായി പി.റ്റി.എ ഒഴികെയുള്ള ഇതര ഏജൻസികൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ :
നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക :
(കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ തുടങ്ങിയവ)
വിശദ വിവരങ്ങൾ ചുരുക്കി നൽകുക.

-----------------------------------------------------------------------------
-----------------------------------------------------------------------------
-----------------------------------------------------------------------------
-----------------------------------------------------------------------------

**ഏജൻസി** **ചെലവാക്കിയ തുക**

⇨ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ :
⇨ എം.എൽ.എ/എം.പി.ഫണ്ട് :
⇨ സ്കൂൾ മാനേജ്മെന്റ് :
⇨ ഇതര ഏജൻസികൾ (വ്യക്തികൾ സന്നദ്ധ സംഘടനകൾ) :

ഇവ ലഭ്യമാക്കാൻ പി.റ്റി.എ നടത്തിയ ഇടപ്പെടൽ (ചുരുക്കി നൽകുക)

-----------------------------------------------------------------------------
-----------------------------------------------------------------------------

(ഫണ്ട് വിനിയോഗം സംബന്ധിച്ച ആഡിറ്റ് ചെയ്ത കണക്ക് ലഭ്യമാക്കണം.
ആവശ്യമെങ്കിൽ പ്രത്യേക ഷീറ്റ് ഉപയോഗിക്കാം)

## III. ധനസമാഹരണം

| മേഖലകൾ | | 2016-17 വർഷം ലഭിച്ച തുക | 2017-18 വർഷം ലഭിച്ച തുക |
|---|---|---|---|
| ⇒ രക്ഷിതാക്കളിൽ നിന്ന് | : | | |
| ⇒ പ്രാദേശികമായി കണ്ടെത്തിയത്:<br>(രീതി വ്യക്തമാക്കണം) | | | |
| ⇒ മറ്റ് രീതികളിൽ സ്വരൂപിച്ചത് | : | | |

കഴിഞ്ഞ രണ്ട് വർഷത്തെ പി.റ്റി.എ യുടെ ആകെ വരവ്, ചെലവ് എന്നിവയുടെ വിശദാംശ ങ്ങൾ വ്യക്തമാക്കുക ------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

## IV. പി.റ്റി.എ യുടെ 2017-18 വർഷത്തെ അക്കാദമിക ഇടപ്പെടലുകൾ

1. പി.റ്റി.എ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം :

   അതിനായി 2017-18 ൽ ചെലവാക്കിയ തുക :

   നിയമിതരായ ഓരോ വ്യക്തിയും വഹിക്കുന്ന ചുമതലകൾ : 1.

   2.

   3.

   4.

വിശദാംശങ്ങൾ എഴുതുക:

------------------------------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

2. സ്കൂൾ ആഘോഷങ്ങൾ/ദിനാചരണങ്ങൾ/മേളകൾ/പ്രദർശനങ്ങൾ :

വിശദാംശങ്ങൾ: ---------------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

------------------------------------------------------------------------------------

3. വിവിധ പഠന സൗകര്യം ഒരുക്കൽ:

വിശദാംശങ്ങൾ

4. പഠനത്തിൽ പ്രാദേശിക വിഭവങ്ങൾ(മനുഷ്യ വിഭവശേഷി ഉൾപ്പെടെ) പ്രയോജനപ്പെടുത്തൽ:

വിശദാംശങ്ങൾ

5. ഫീൽഡ് ട്രിപ്പ്/പഠനയാത്ര:

വിശദാംശങ്ങൾ

6. എസ്.എസ്.ജി പ്രവർത്തനങ്ങൾ:

വിശദാംശങ്ങൾ

7. പഠന നിലവാരം ഉയർത്താനുള്ള പ്രത്യേക പരിപാടികൾ:

വിശദാംശങ്ങൾ

8. വിലയിരുത്തൽ (കുട്ടികളുടെ ഉത്പന്നങ്ങൾ തുടങ്ങിയവ):

വിശദാംശങ്ങൾ

9. ക്ലബ്ബ് പ്രവർത്തനങ്ങൾ:

വിശദാംശങ്ങൾ

10. കുട്ടികളുടെ ജനാധിപത്യവേദികൾ:

വിശദാംശങ്ങൾ______________________________

11. സ്കോളർഷിപ്പ് പരീക്ഷകൾ:

വിശദാംശങ്ങൾ______________________________

12. എൻഡോവ്മെന്റുകൾ:

വിശദാംശങ്ങൾ______________________________

13. പ്രീപ്രൈമറി പ്രവർത്തനങ്ങൾ:

വിശദാംശങ്ങൾ______________________________

14. പൊതു പരീക്ഷാ(എസ്.എസ്.എൽ.സി, എച്ച്.എസ്.എസ്.,വി.എച്ച്.എസ്.ഇ.) റിസൽട്ട് മെച്ചപ്പെടുത്തൽ

വിശദാംശങ്ങൾ______________________________

15. പി.ടി.എയുടെ ഇടപെടലുകൾമൂലം സ്കൂളിന് ലഭിച്ച ബഹുമതികൾ, സർട്ടിഫിക്കറ്റുകൾ, ചാമ്പ്യൻഷിപ്പുകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ____________________

## V. വിദ്യാർത്ഥി പ്രവേശനം

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിൽ പി.റ്റി.എ വഹിച്ച പങ്ക്, അതിന്റെ ഫലമായി ഉണ്ടായ വർദ്ധനവ്, കൊഴിഞ്ഞ്പോക്ക് തടയുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കുക.

-----------------------------------------------------------------------

-----------------------------------------------------------------------

-----------------------------------------------------------------------

-----------------------------------------------------------------------

## VI. പോഷകാഹാരം

1. സർക്കാർ നൽകുന്ന ഭക്ഷണത്തിന് പുറമേ സ്കൂളിൽ നിന്നും വിതരണം ചെയ്യുന്ന മറ്റ് ഭക്ഷണ സാധനങ്ങൾ

| ഭക്ഷണ ഇനം | നൽകുന്ന ഏജൻസികൾ | ചെലവാക്കിയ തുക (2016-17, 2017- 18) |
|---|---|---|
| പ്രഭാത ഭക്ഷണം | | |
| ഉച്ചഭക്ഷണം | | |
| ലഘുഭക്ഷണം | | |
| രാത്രി ഭക്ഷണം | | |
| മുട്ട | | |
| പാൽ | | |

**വിശദാംശങ്ങൾ രേഖപ്പെടുത്തുക:**

2. ഭക്ഷണത്തിന്റെ ഗുണനിലവാരവും ഫലപ്രദമായ വിതരണവും ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

## VII. ശുചിത്വവും സ്കൂൾ സൗന്ദര്യവൽക്കരണവും

സ്കൂൾ ശുചിത്വം, സൗന്ദര്യവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുക.

## VIII. ആരോഗ്യം

കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിന് പി.റ്റി.എ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുക.

⇨ കലാകായിക പ്രവർത്തനങ്ങൾ

വിശദാംശങ്ങൾ ______________________________

______________________________

______________________________

______________________________

______________________________

⇨ മെഡിക്കൽ ക്യാമ്പ്

വിശദാംശങ്ങൾ________________________________________

⇨ കൗൺസിലിംഗ്, ബോധവൽക്കരണക്ലാസ്സുകൾ

വിശദാംശങ്ങൾ________________________________________

⇨ പ്രഥമ ശുശ്രൂഷ

വിശദാംശങ്ങൾ________________________________________

⇨ മറ്റ് ഏതെങ്കിലും

വിശദാംശങ്ങൾ________________________________________

## IX. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം

ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ, ദരിദ്രർ, രോഗികൾ, പട്ടികജാതി-പട്ടികവർഗ കുട്ടികൾ എന്നിവർക്കായി പി.ടി.എ. നടത്തുന്ന പത്യേക പരിപാടികൾ (വിശദമാക്കുക)

## X. സംഘടനാ സംവിധാനങ്ങൾ

1. ഈ അധ്യയനവർഷം കൂടിയ പി.ടി.എ ജനറൽ ബോഡി യോഗങ്ങളുടെ എണ്ണം. [ ]

| കൂടിയ തീയതികൾ | ഹാജർ ശതമാനം |
|---|---|
| | |
| | |
| | |
| | |

പ്രധാന തീരുമാനങ്ങൾ

(മിനിറ്റ്സ് സംഗ്രഹം ഹാജരാക്കണം)

2. പി.ടി.എ എക്സി: കമ്മിറ്റികൂടിയ എണ്ണം: [ ]

ശരാശരി പങ്കാളിത്തം (ശതമാനത്തിൽ): [ ]

പ്രധാന തീരുമാനങ്ങൾ:

3. ഈ അധ്യയനവർഷം കൂടിയ സ്റ്റാഫ് കൗൺസിൽ യോഗങ്ങളുടെ എണ്ണം. [ ]

പ്രധാന തീരുമാനങ്ങൾ:

## അനുബന്ധം

# ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള സൂചകങ്ങളും സ്കോറിംഗ് രീതിയും

സംസ്ഥാനത്തെ മികച്ച സ്കൂൾ അധ്യാപക-രക്ഷാകർതൃസമിതി (പി.ററി.എ.)കളെ കണ്ടെത്തുന്നതിനും ഗ്രേഡ് ചെയ്യുന്നതിനുമുള്ള സൂചകങ്ങളും അവയുടെ സ്കോറും ഇതോടൊപ്പം ചേർത്തിരിക്കുന്നു. പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവർത്തനങ്ങളെ 12 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും നൽകാവുന്ന പരമാവധി സ്കോർ നിശ്ചയിച്ചിട്ടു ണ്ട്. ആകെ സ്കോർ 200 എന്നു നിജപ്പെടുത്തിയിരിക്കുന്നു. ഓരോ സൂചകത്തിനും പരമാവധി 5 സ്കോറാണുള്ളത്. പി.ററി.എ.കൾ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച് ഓരോ സൂചകത്തിനും 3 പോയിന്റ് സ്കെയിലിൽ സ്കോർ നൽകാവുന്നതാണ്. ഏററവും മികച്ച രീതിയിൽ പരമാവധി പ്രവർത്തനം നടത്തുന്നവർക്ക് 5 സ്കോറും ശരാശരി നിലവാരത്തിന് 3 സ്കോറും ശരാശരിയിൽ താണ പ്രവർത്തനത്തിന് ഒരു സ്കോറുമാണ് നൽകേണ്ടത്. ഇങ്ങനെ നൽകിയ ആകെ സ്കോർ കണക്കാക്കി താഴെപ്പറയുന്ന രീതിയിൽ ഗ്രേഡ് ചെയ്യാവുന്ന താണ്.

| ഗ്രേഡ് | സ്കോർ |
|---|---|
| A | 150-200 |
| B | 100-149 |
| C | 80-99 |
| D | 80 താഴെ |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| **I. ഭൗതികസൗകര്യങ്ങൾ (സ്കോർ: 15)** | | | |
| 1. ആവശ്യത്തിന് ആനുപാതികമായി സൗര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. (പഠനോപകരണങ്ങൾ, പഠനസൗകര്യങ്ങൾ എന്നിവയ്ക്കു പ്രാധാന്യം). | | | |
| 2. ഒന്നിലധികം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. | | | |
| 3. ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിററ് ചെയ്ത കണക്ക് ലഭ്യമാക്കിയിട്ടുണ്ട്. | | | |
| **II. ധനസമാഹരണം (15)** | | | |
| 1. രക്ഷിതാവിൽ നിന്നും ധനം സമാഹരിച്ചിട്ടുണ്ട്. | | | |
| 2. പ്രാദേശികമായി സമ്പത്ത് സമാഹരിച്ചിട്ടുണ്ട്. (ബെനിഫിററ് ഷോ, സ്പോൺസർമാർ തുടങ്ങിയവ) | | | |
| 3. കൃത്യമായ വരവു ചെലവ് കണക്ക് സൂക്ഷിച്ചിട്ടുണ്ട്. | | | |
| **III. പി.ടി.എ.യുടെ അക്കാദമിക രംഗത്തെ ഇടപെടലുകൾ (50)** | | | |
| 1. ആഘോഷങ്ങളിലും ദിനാചരണത്തിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം, പരിപാടികളിലെ വൈവിധ്യം, പ്രാദേശികമായി ലഭിക്കാവുന്ന മികവുകളുള്ള വ്യക്തികളെ ഉപയോഗപ്പെടുത്തൽ. | | | |
| 2. പ്രാദേശിക ലൈബ്രറി, കലാകേന്ദ്രം, കലാകാരന്മാർ, ഗവേഷണസ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, തൊഴിൽശാല കൾ, ക്ലബ്ബുകൾ എന്നിവയുടെ ഉപയോഗപ്പെടുത്തൽ. | | | |
| 3. ഫീൽഡ് ട്രിപ്പ്, സ്റ്റഡിടൂർ തുടങ്ങിയവയുടെ ആസൂത്രണം നിർവഹണം എന്നിവയിൽ രക്ഷിതാക്കളുടെ പങ്ക്. | | | |
| 4. എസ്.എസ്.ജി.യുടെ പ്രവർത്തനം-പ്രദേശത്തുള്ള അക്കാദമി മികവ് പുലർത്തുന്നവരെക്കൊണ്ട് സ്കൂളിൽ പിന്നാക്കം നിൽക്കുന്നവർക്കു വേണ്ടിയുള്ള ക്ലാസ്സുകൾ, എൻറിച്ചുമെന്റിനു വേണ്ട ക്ലാസ്സുകൾ, കലാകായിക മേളകൾക്കുവേണ്ട പരിശീലനവും പ്രോത്സാഹനവും, സ്ഥിരം സ്റ്റാഫിന്റെ ഒഴിവുനികത്തൽ തുടങ്ങിയവ. | | | |
| 5. വിലയിരുത്തൽ പ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്ക്. (കുട്ടികളുടെ പ്രകടനങ്ങളോ ഉല്പന്നങ്ങളോ അധ്യാപകർ വിലയിരുത്തുമ്പോൾ രക്ഷിതാക്കളുടെ സഹകരണം). | | | |
| 6. ലൈബ്രറി, ലാബ്, ഐ.ടി എന്നിവ കുട്ടികളുടെ പഠനത്തി നായി ഉപയോഗപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ ദൈനം ദിന ഇടപെടൽ. | | | |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 7. ക്ലബ്ബ് പ്രവർത്തനങ്ങൾ സമൂഹത്തിലേക്കു വ്യാപിപ്പിക്കുന്നതിൽ പി.ടി.എ.യുടെ പങ്ക്. | ☐ | ☐ | ☐ |
| 8. സ്കോളർഷിപ്പ് പരീക്ഷകളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, അവർക്കാവശ്യമായ ക്ലാസ്സുകൾ നൽകൽ, പുതിയ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തൽ, പൊതു പരീക്ഷ റിസൽട്ട് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ. | ☐ | ☐ | ☐ |
| 9. ക്ലാസ്സ് പി.ടി.എ.യിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കൽ, സ്കൂൾ പഠനത്തിനുശേഷം അധികപഠനത്തിനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കൽ, പ്രീ-പ്രൈമറി സ്കൂൾ നടത്തിപ്പ് തുടങ്ങിയവ. | ☐ | ☐ | ☐ |
| 10. പി.ടി.എ.ഇടപെടൽ മൂലം സ്കൂളിനു ലഭിച്ചിട്ടുള്ള ബഹുമതികൾ, സർട്ടിഫിക്കററുകൾ, ചാമ്പ്യൻഷിപ്പുകൾ തുടങ്ങിയവ. | ☐ | ☐ | ☐ |
| **IV. വിദ്യാർഥി പ്രവേശനം (10)** | | | |
| 1. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ. | ☐ | ☐ | ☐ |
| 2. കുട്ടികളുടെ അഡ്മിഷൻ വർധിപ്പിക്കാനുള്ള പ്രവർത്തന ങ്ങൾ. | ☐ | ☐ | ☐ |
| **V. പോഷകാഹാരം (10)** | | | |
| 1. സർക്കാർ നൽകുന്ന ഭക്ഷണത്തിനു പുറമേ അധിക ഭക്ഷണം നൽകുക. | ☐ | ☐ | ☐ |
| 2. നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിനും അവ ഭംഗിയായി വിതരണം ചെയ്യാനുമുള്ള സംവിധാന ങ്ങൾ. | ☐ | ☐ | ☐ |
| **VI. ശുചിത്വം, സ്കൂൾ സൗന്ദര്യവൽക്കരണം (15)** | | | |
| 1. ക്ലാസ്സും പരിസരവും ശുചിയായി സൂക്ഷിക്കൽ, ഭക്ഷണശാല, ഭക്ഷണവിതരണസ്ഥലം, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കൽ, കിണറും പരിസരവും ശുചിയായി സൂക്ഷിക്കൽ, മൂത്രപ്പുര, കക്കൂസ് എന്നിവ വൃത്തിയാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലററ് ഒരുക്കൽ തുടങ്ങിയവ. | ☐ | ☐ | ☐ |
| 2. **മാലിന്യസംസ്കരണം** - ചവർ, ഭക്ഷണാവശിഷ്ടം എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ബയോഗ്യാസ്പ്ലാന്റ് നിർമ്മാണം, അഴുക്കുവെള്ളം ഒഴുക്കികളയാനുള്ള ഓടകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയവ. | ☐ | ☐ | ☐ |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 3. **സൗന്ദര്യവൽക്കരണം** – പൂന്തോട്ട നിർമ്മാണം, പുസ്തകം, ഫയലുകൾ എന്നിവ ചിട്ടയായും വൃത്തിയായും സൂക്ഷി ക്കൽ, മരം വച്ചുപടിപ്പിക്കലും സംരക്ഷണവും തുടങ്ങിയവ. | | | |
| **VII. ആരോഗ്യം (20)** | | | |
| 1. കലാകാരന്മാർ, സ്പോർട്സ്മാന്മാർ എന്നിവരെ ഉപയോഗ പ്പെടുത്തി സ്കൂൾ കുട്ടികൾക്ക് പരിശീലനം. | | | |
| 2. ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, വൈദ്യപരിശോധനകൾ, തുടങ്ങിയവ | | | |
| 3. കൗൺസിലിംഗിനു വേണ്ട ക്രമീകരണങ്ങൾ. | | | |
| 4. പ്രഥമശുശ്രൂഷയും തുടർന്ന് ആശുപത്രി സേവനം വേണ മെങ്കിൽ അതിനുമുള്ള സൗകര്യമൊരുക്കൽ. | | | |
| **VIII. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾ (10)** | | | |
| 1. SEN കുട്ടികൾക്ക് വിവിധ സഹായമെത്തിക്കൽ (മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കൽ, പഠനസഹായി, യാത്ര സൗകര്യം, പഠനസൗകര്യമൊരുക്കൽ) | | | |
| 2. മററു ദുർബ്ബല വിഭാഗങ്ങൾക്കുള്ള സഹായങ്ങൾ, പഠനോപ കരണം, ചികിത്സ, പോഷകാഹാരം, സാമ്പത്തിക സഹായം, സ്പോൺസറെ കണ്ടെത്തൽ, മുതലായവ) | | | |
| **IX. സംഘടനാ സംവിധാനങ്ങൾ (25)** | | | |
| 1. പി.ടി.എ. ജനറൽബോഡി & എക്സിക്യൂട്ടീവ് യോഗത്തിന്റെ എണ്ണം, ഹാജർനില. | | | |
| 2. യോഗ തീരുമാനങ്ങൾ, അവയുടെ നടപ്പിലാക്കൽ. | | | |
| 3. ക്ലാസ്സ് പി.ടി.എ. യോഗങ്ങളുടെ എണ്ണം, ഹാജർനില എടു ക്കുന്ന തീരുമാനങ്ങളുടെ പ്രായോഗികത തുടങ്ങിയവ. | | | |
| 4. എം.പി.ററി.എ. യോഗങ്ങളുടെ എണ്ണം, ഹാജർനില തീരുമാന ങ്ങൾ നടപ്പിലാക്കൽ. | | | |
| 5. പ്രാദേശിക പി.ടി.എ യോഗങ്ങൾ, പൂർവ്വവിദ്യാർഥി യോഗങ്ങൾ, സ്റ്റാഫ് മീറ്റിംഗ് എന്നിവ കൂടുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ. | | | |
| **X. സാമൂഹിക ഇടപെടലുകൾ (10)** | | | |
| 1. സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ (അവയുടെ എണ്ണം, പ്രാധാന്യം, ഫലപ്രാപ്തി, ഇടപെടൽ രീതി തുടങ്ങിയവ) | | | |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 2. സ്കൂൾ ലൈബ്രറി, സ്കൂൾ ഗ്രൗണ്ട്, ലാബ്, കെട്ടിടങ്ങൾ തുടങ്ങിയ സ്കൂൾ സംവിധാനങ്ങൾ, സാമൂഹിക വിദ്യാ ഭ്യാസ ആവശ്യങ്ങൾക്കു പി.ടി.എ.യുടെ മേൽനോട്ടത്തിൽ ഉപയോഗപ്പെടുത്തൽ. | ☐ | ☐ | ☐ |
| **XI. സ്കൂൾ ഭരണം (10)** | | | |
| 1. ആസൂത്രണത്തിന്റെ ഭാഗമായി വാർഷിക കലണ്ടർ തയ്യാറാക്കൽ, വികസന പ്രോജക്ടുകൾ തയ്യാറാക്കലും നടപ്പിലാക്കലും, നിർവഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകൽ, പ്രധാനാധ്യാപകന്റെ ഭരണ മികവ് എന്നിവ. | ☐ | ☐ | ☐ |
| 2. പി.ടി.എ. ഹെഡ്മാസ്റ്റർ എന്നിവരുടെ ആഭിമുഖ്യത്തിൽ മോണിററിംഗ് പ്രവർത്തനങ്ങൾ. | ☐ | ☐ | ☐ |
| **XII. നൂതന (Innovative) പരിപാടികൾ (10)** | | | |
| 1. ദൈനംദിന പഠനപരിപാടികളല്ലാതെ നൂതന പരിപാടികൾ കണ്ടെത്തുന്നതിനും പ്രായോഗികമാക്കുന്നതിനും പി.റ്റി.എ. യുടെ പങ്കാളിത്തം. (കൃഷി, കൈത്തൊഴിലുകൾ, കലാരൂപങ്ങൾ തുടങ്ങിയവ). | ☐ | ☐ | ☐ |
| 2. ഇത്തരം പ്രവർത്തനങ്ങളിലൂടെ അക്കാദമിക രംഗത്തുണ്ടായ മികവ്. | ☐ | ☐ | ☐ |